സംസ്ഥാന ശുചിത്വ മിഷൻ, കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ തുണിസഞ്ചികളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ഒട്ടേറെ നടപടികളെടുത്തുവരികയാണ്. സംസ്ഥാന ശുചിത്വ മിഷൻ തദ്ദേശസ്ഥാപനങ്ങളിൽ ലഭ്യമാക്കിയിട്ടുള്ള ഐ.ഇ.സി./കപ്പാസിറ്റി ബിൽഡിംഗ് ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ട് തുണിസഞ്ചികളുടെ നിർമ്മാണത്തിനുള്ള പരിശീലനം, തുണിസഞ്ചികളുടെ ഉപയോഗം പ്രചരിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയും നടത്തിവരുന്നു. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ കീഴിൽ ഒട്ടേറെ ചെറുസംരംഭക ഗ്രൂപ്പുകൾ തുണി സഞ്ചി നിർമ്മാണത്തിലേയ്ക്ക് കടന്നുവന്നുകൊണ്ടിരിക്കുകയാണ്. പ്ലാസ്റ്റിക് നിരോധിച്ച സ്ഥലങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ അഭാവം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സാമൂഹ്യക്ഷേമ പെൻഷൻ**

194 (T*3143) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യക്ഷേമ പെൻഷൻ എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു നൽകുകയുണ്ടായി; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തുക ചെലവഴിച്ചു; എത്ര പേർക്കാണ് പെൻഷൻ വിതരണം ചെയ്തത്; ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ തുക ഒരു തവണ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെൻഷൻ വർദ്ധിപ്പിച്ച് നൽകുന്നതിനായി 859,35,36,400 രൂപ കൂട്ടതലായി ചെലവഴിച്ചു. 4022121 പേർക്ക് സംസ്ഥാനമൊട്ടാകെ 2017 ആഗസ്റ്റ് മാസം പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുള്ളവരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly